<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 651</u> <u>02-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ആലുവ ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ കൈവശമുള്ള പത്ത് സെന്റ് സ്ഥലം അനുവദിക്കണമെന്ന 11.11.2021-ലെ അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ആലുവ ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ നിന്ന് 8.10 ആർ അനുവദിക്കുന്നതിനായി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. എറണാകുളം കളക്ടറേറ്റിൽ നിന്നുള്ള 01/11/2017-ാം തീയതിയിലെ കത്ത് പ്രകാരം 20 സെന്റ് ഭൂമി ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് അഡ്വാൻസ് പൊസഷൻ നൽകുന്നതിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനോട് ആവശ്യപ്പെടുകയും പ്രസ്തുത വസ്തു മറ്റ് വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി വരുമെന്നതിനാൽ വിട്ടുനൽകുന്നതിന് നിർവ്വാഹമില്ലായെന്ന് കമ്പനി ബഹു.ജില്ല കളക്ടർക്ക് 09/11/2017-ൽ മറുപടി കത്ത് നൽകിയിട്ടുമുണ്ട്.<br><br>ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ ഭൂമി അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് 34 ൽ റീസർവ്വെ 124/11-ൽ പ്പെട്ട 2.83 ആർ പുറമ്പോക്ക് സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിച്ച് വില്ലേജ് ഓഫീസ് നിർമ്മാണത്തിനുവേണ്ടി സ്ഥലം കണ്ടെത്തുന്നതിലേയ്ക്ക് എൽ.സി 02/2022 നമ്പരായി നടപടി സ്വീകരിച്ചു വരുന്നതായി കളക്ടർ അറിയിച്ചിട്ടുണ്ട്. ടി ഒഴിപ്പിക്കൽ നടപടികൾക്കെതിരെ ശ്രീ.വി.പി.മൂസ എന്നയാൾ WP(C) 26983/2022 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും, ടി വസ്തു റീസർവ്വെ അപാകത മൂലം പുറമ്പോക്ക് ആയി വന്നിട്ടുള്ളതാണെന്ന് ഉന്നയിച്ച് എതിർകക്ഷി നൽകിയ പരാതിയിൽ തീരുമാനം സ്വീകരിച്ചതിനു ശേഷം മാത്രമേ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാവൂ എന്ന് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ആവശ്യത്തിനായി സ്ഥലം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ആലുവ ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ നിന്ന് 8.10 ആർ അനുവദിക്കുന്നതിനായി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. എറണാകുളം കളക്ടറേറ്റിൽ നിന്നുള്ള 01/11/2017-ാം തീയതിയിലെ കത്ത് പ്രകാരം 20 സെന്റ് ഭൂമി ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് അഡ്വാൻസ് പൊസഷൻ നൽകുന്നതിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനോട് ആവശ്യപ്പെട്ടുകയും പ്രസ്തുത വസ്തു മറ്റ് വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി വരുമെന്നതിനാൽ വിട്ടുനൽകുന്നതിന് നിർവ്വാഹമില്ലായെന്ന് കമ്പനി ബഹു.ജില്ല കളക്ടർക്ക് 09/11/2017-ൽ മറുപടി കത്ത് നൽകിയിട്ടുമുണ്ട്.<br><br>ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ ഭൂമി അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് 34 ൽ റീസർവ്വെ 124/11-ൽ പ്പെട്ട 2.83 ആർ പുറമ്പോക്ക് സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിച്ച് വില്ലേജ് ഓഫീസ് നിർമ്മാണത്തിനുവേണ്ടി സ്ഥലം കണ്ടെത്തുന്നതിലേയ്ക്ക് എൽ.സി 02/2022 നമ്പരായി നടപടി സ്വീകരിച്ചു വരുന്നതായി കളക്ടർ അറിയിച്ചിട്ടുണ്ട്. ടി ഒഴിപ്പിക്കൽ നടപടികൾക്കെതിരെ ശ്രീ.വി.പി.മൂസ എന്നയാൾ WP(C) 26983/2022 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും, ടി വസ്തു റീസർവ്വെ അപാകത മൂലം പുറമ്പോക്ക് ആയി വന്നിട്ടുള്ളതാണെന്ന് ഉന്നയിച്ച് എതിർകക്ഷി നൽകിയ പരാതിയിൽ തീരുമാനം സ്വീകരിച്ചതിനു ശേഷം മാത്രമേ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാവൂ എന്ന് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ എറണാകുളം ജില്ലാ കളക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ആലുവ ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ നിന്ന് 8.10 ആർ അനുവദിക്കുന്നതിനായി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. എറണാകുളം കളക്ടറേറ്റിൽ നിന്നുള്ള 01/11/2017-ാം തീയതിയിലെ കത്ത് പ്രകാരം 20 സെന്റ് ഭൂമി ചൂർണ്ണിക്കര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് അഡ്വാൻസ് പൊസഷൻ നൽകുന്നതിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിനോട് ആവശ്യപ്പെട്ടുകയും പ്രസ്തുത വസ്തു മറ്റ് വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി വരുമെന്നതിനാൽ വിട്ടുനൽകുന്നതിന് |

| | | | |
|---|---|---|---|
| | | | നിർവ്വാഹമില്ലായെന്ന് കമ്പനി ബഹു.ജില്ല കളക്ടർക്ക് 09/11/2017-ൽ മറുപടി കത്ത് നൽകിയിട്ടുമുണ്ട്.<br><br>ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിന്റെ ഭൂമി അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് 34 ൽ റീസർവ്വെ 124/11-ൽ പ്പെട്ട 2.83 ആർ പുറമ്പോക്ക് സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിച്ച് വില്ലേജ് ഓഫീസ് നിർമ്മാണത്തിനുവേണ്ടി സ്ഥലം കണ്ടെത്തുന്നതിലേയ്ക്ക് എൽ.സി 02/2022 നമ്പരായി നടപടി സ്വീകരിച്ചു വരുന്നതായി കളക്ടർ അറിയിച്ചിട്ടുണ്ട്. ടി ഒഴിപ്പിക്കൽ നടപടികൾക്കെതിരെ ശ്രീ.വി.പി.മൂസ എന്നയാൾ WP(C) 26983/2022 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും, ടി വസ്തു റീസർവ്വെ അപാകത മൂലം പുറമ്പോക്ക് ആയി വന്നിട്ടുള്ളതാണെന്ന് ഉന്നയിച്ച് എതിർകക്ഷി നൽകിയ പരാതിയിൽ തീരുമാനം സ്വീകരിച്ചതിനു ശേഷം മാത്രമേ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാവൂ എന്ന് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ